പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1170

21.03.2013-ൽ മറുപടി നൽകേണ്ടത്

# പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>,, എ. കെ. ബാലൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സ്വകാര്യ തോട്ട ഉടമകൾ കൈവശം വെച്ചിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ; | (എ) സ്വകാര്യ തോട്ടം ഉടമകൾ കൈവശം വെച്ചിട്ടുള്ളതും പാട്ടക്കരാർ ലംഘനം നടത്തിയിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; | (ബി) നെല്ലിയാമ്പതിയിൽ പാട്ടത്തിന് നൽകിയ 52 എസ്റ്റേറ്റുകളിൽ പാട്ടക്കരാർ അവസാനിച്ച റോസറി, ക്ലിഫ് വ്യൂ (5 ബിറ്റുകൾ), ുത്തമ്പാറ എന്നീ എസ്റ്റേറ്റുകളും പാട്ടക്കരാർ ലംഘനം നടത്തിയ ബിയാട്രീസ്, മീരഫ്ലോറസ് (5 ബിറ്റുകൾ) എന്നീ എസ്റ്റേറ്റുകളും സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദു ചെയ്യുന്നതിനും എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(സി)ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി സംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഹാരിസൺ മലയാളം ലിമിറ്റഡിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(C)-3508/11 നമ്പർ കേസിലെ സർക്കാരിന്റെ പ്രധാന ആവശ്യങ്ങളിലൊന്ന് വ്യാജ ആധാരങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള 02.07.1982- ലെ TLB(SW)-37/81 നമ്പർ നടപടിക്രമം റദ്ദ് ചെയ്യണമെന്നും വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ വിവിധ കോടതികളിൽ നിന്നും നേടിയെടുത്ത വിധിന്യായങ്ങൾ റദ്ദ് ചെയ്യണമെന്നും ആകുന്നു. കൂടാതെ കമ്പനി താലൂക്ക് ലാന്റ് ബോർഡിനെതിരെ ഫയൽചെയ്ത നേടിയെടുത്ത 25.12.1993- ലെ സി.ആർ.പി. 3661/82 നമ്പർ വിധിന്യായം റദ്ദ് ചെയ്യുന്നതോടൊപ്പം സർക്കാർ വക ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള വിധിന്യായം പുറപ്പെടുവിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി)എച്ച്.എം.എൽ. കമ്പനിയുടെ കേസിൽ ഹൈക്കോടതി നിർദ്ദേശം എന്തായിരുന്നു;

(ഡി) എച്ച്.എം.എൽ. കമ്പനിയുടെ സ്വത്തുക്കൾ M/s Harmony Plantations മായി ലയിപ്പിക്കുന്നതിനുള്ള ലയനനീക്കം സർക്കാരിന്റെ സമയോചിതമായ ഇടപെടൽ കാരണം OP(C)-3508/11-ാം നമ്പർ കേസിൽ തീരുമാനമാകുന്നതുവരെ ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ട്. M/s ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ എസ്റ്റേറ്റുകളിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചു നീക്കുന്നതിന് പകരം 18 കോടി രൂപ ഹൈക്കോടതിയിൽ ഈടുവയ്ക്കുന്നതിന് കമ്പനിയോട്

ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 02.07.2012- ലെ വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ TLB (SW)-37/81 നമ്പർ നടപടിക്രമം പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിച്ച 1845.22 ഏക്കർ ഭൂമിയിൽ നിലവിൽ തർക്കമില്ലാത്തതും വിട്ടുകൊടുക്കുവാൻ സന്നദ്ധമായതുമായ 834.53 ഏക്കർ ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് പ്രസ്തുത കമ്പനി ബഹു. ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്ത സാഹചര്യത്തിൽ, പ്രാഥമിക നടപടി എന്ന നിലയിൽ പ്രസ്തുത കമ്പനിയുടെ കൈവശമുള്ള 834.53 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കാൻ 31.07.2012-ൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടരവെ OP(C)-3508/11- ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതി പ്രസ്തുത ഏറ്റെടുക്കൽ നടപടികൾ തൽസ്ഥിതിയിൽ നിലനിർത്തിക്കൊണ്ട് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചു. പ്രസ്തുത OP(C) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ഹാരിസൺ മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട പൊതു താല്പര്യ ഹർജികളായ WP(C)-14251/12, WP(C)-213/13 എന്നിവയിൽ പ്രസ്തുത കമ്പനിയുടെ കൈവശമുള്ളതും വിൽപ്പന നടത്തിയതുൾപ്പെടെയുള്ള മുഴുവൻ ഭൂമിയും സർക്കാർ ഭൂമിയാണെന്ന് ബോധ്യമുണ്ടെങ്കിൽ ഭൂസംരക്ഷണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാരിന് യാതൊരുവിധ നിയമതടസ്സങ്ങളും നിലനിൽക്കുന്നില്ല എന്ന് ബഹു. ഹൈക്കോടതി

7

| | |
|---|---|
| | 28.02.2013-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ TLB-(SW)-37/81- ാം നമ്പർ സീലിംഗ് കേസിൽ തങ്ങളുടെ ഭൂമി ഇളവ് ചെയ്ത് കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്ന കമ്പനിയുടെ വാദം ബഹു.ഹൈക്കോടതി തള്ളിയിട്ടുണ്ട്. ഇതിനോടൊപ്പം ഭൂമിയുടെ ജന്മാവകാശം നിശ്ചയിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിന് അധികാരം ഇല്ല എന്ന സുപ്രധാന വിധിയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ)ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി മൊത്തമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | (ഇ) ബഹു. ഹൈക്കോടതിയുടെ 28.02.2013 ലെ വിധിയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികൾക്ക് പ്രാരംഭ മായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ